**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പരമേശ്വരം ജെ.എം.എൽ.പി.എസ് ലെ പാർട്ട്ടൈം അറബിക് അദ്ധ്യാപകൻ ശ്രീ. അജിലാൽ.എസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 29115/2019 മേലുള്ള 6/10/2021 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3728/2022/GEDN തീയതി,തിരുവനന്തപുരം, 22-06-2022

---

പരാമർശം:-

1. ശ്രീ. അജിലാൽ.എസ് ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 25115/2019 മേലുള്ള 6/10/2021 ലെ വിധിന്യായം.
2. 07/05/2022 ലെ ആറ്റിങ്ങൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ബി/1973/2022 -ാം നമ്പർ റിപ്പോർട്ട്.
3. 26/10/2021 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എഫ്1/40181/2019/ഡി.ജി.ഇ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പരമേശ്വരം ജെ.എം.എൽ.പി.എസ് ലെ പാർട്ട്ടൈം അറബിക് അദ്ധ്യാപകൻ ശ്രീ. അജിലാൽ.എസ് ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 25115/2019 മേലുള്ള 6/10/2021 ലെ വിധിന്യായത്തിൽ Ext.P7 റദ്ദാക്കുകയും ഹർജിക്കാരൻ സമർപ്പിച്ച Ext.P12 ഹർജി, ടിയാനേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേട്ടതിനുശേഷം Ext.P8, Ext.P9 , Ext.P10, Ext.P11, Ext.P13 എന്നിവ കൂടി പരിഗണിച്ച് 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചതിൻ പ്രകാരം ഹർജിക്കാരന്റെ അംഗീകൃത നോമിനിയേയും മറ്റ് ബന്ധപ്പെട്ട കക്ഷികളേയും 25/11/2021 തീയതിയിൽ നേരിൽ കേട്ടു.

2. 1/6/2010 മുതൽ വിരമിക്കൽ ഒഴിവിലേക്ക് പാർട്ട്ടൈം അറബിക് തസ്തികയിൽ നിയമിതനായ തനിക്ക് 5 വർഷം പൂർത്തിയാകുന്ന 1/6/2015 മുതൽ നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഫുൾടൈം ആനുകൂല്യം അനുവദിക്കണമെന്നതാണ് ഹർജിക്കാരന്റെ റിവിഷൻ ഹർജി ( Ext.P7 )യിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. 1/6/2010 മുതൽ ടി സ്കൂളിലെ വിരമിക്കൽ ഒഴിവിലേക്കാണ് പാർട്ട്ടൈം അറബിക് അദ്ധ്യാപകനായി ഹർജിക്കാരനെ മാനേജർ നിയമിച്ചിട്ടുള്ളത്. പ്രസ്തുത തീയതി മുതൽ നിയമനാംഗീകാരവും ലഭിച്ചിട്ടുണ്ട്. 2011-12 മുതൽ 2015-16 വരെ തസ്തിക നിർണ്ണയം നടക്കാതിരിക്കുകയും 2010-11 വർഷത്തെ തസ്തിക നിർണ്ണയം തന്നെ ടി കാലയളവുകളിൽ തുടരുകയും ചെയ്തതിനാൽ, പ്രസ്തുത കാലയളവിൽ പാർട്ട്ടൈം തസ്തിക നിലനിൽക്കുന്നതിനുള്ള കുട്ടികൾ ഇല്ലാതിരുന്നിട്ടും ഹർജിക്കാരന് ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിച്ചിരുന്നു.

5. 29/01/2016 ലെ G.O(P) 29/2016/GEDN ഉത്തവ് പ്രകാരം 2011-12 മുതലുള്ള തസ്തിക നിർണ്ണയം നടത്തിയപ്പോൾ, മതിയായ എണ്ണം കുട്ടികളില്ലാത്തതിനാൽ 2011-12 വർഷം മുതൽ 2015-16 വർഷം വരെയുള്ള കാലയളവിലെ പാർട്ട്ടൈം അറബിക് തസ്തിക നഷ്ടമായി 2016-17 വർഷം മതിയായ എണ്ണം കുട്ടികൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പാർട്ട്ടൈം അറബിക് തസ്തിക വീണ്ടും അനുവദിക്കുകയും ആയത് തുടർന്നുവരികയും ചെയ്യുന്നുണ്ട്.

6. സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ അഞ്ച് വർഷം സർവ്വീസ് പൂർത്തിയായ മുറയ്ക്ക് തനിയ്ക്ക് ഫുൾടൈം ആനുകൂല്യം ലഭിക്കണമെന്ന് ഹർജിക്കാരൻ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും, 2012-2016 വരെ തസ്തികയില്ലാത്തതിനാൽ 8 പീരീഡ് അനുവദിക്കുവാൻ കഴിയുകയില്ല എന്ന കാരണങ്ങൾ ചൂണ്ടിക്കാട്ടി ടി അപേക്ഷ 20/12/2018 ലെ S1/303/2018/പൊ.വി.വ. കത്ത് പ്രകാരം നിരസിക്കുകയും ചെയ്തിരുന്നു. (Ext. P7), ടി കത്ത് കോടതി റദ്ദാക്കുകയും Ext. P8-P11, Ext. P13 എന്നിവയുടെ അടിസ്ഥാനത്തിൽ വിഷയം പുനഃപരിശോധിക്കാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

7. Ext. P8 എന്നത് 14/12/1982 ലെ G.O(MS) No. 189/82/GEDN ഉത്തരവാണ്. പ്രസ്തുത ഉത്തരവ് 2/5/1973 ലെ G.O(MS) NO. 62/73/GEDN ഉത്തരവിന് സ്പഷ്ടീകരണം നൽകി പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സ്പഷ്ടീകരണ ഉത്തരവ് പ്രകാരം 6/3/1969 ലെ G.O.(MS) No. 104/69/GEDN ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംരക്ഷണം ലഭിച്ച പാർട്ട്ടൈം അദ്ധ്യാപകർക്കും 8 പീരിയഡും 5 വർഷത്തെ തുടർച്ചയായ സേവനവും ഉണ്ടെങ്കിൽ ഫുൾടൈം ആനുകൂല്യം നൽകാമെന്നതാണ്.

8. ഇവിടെ ഹർജിക്കാരന് 2012-2016 അധ്യയന വർഷങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതിനാൽ തസ്തിക നഷ്ടപ്പെട്ട് പുറത്ത് പോകേണ്ടതായിരുന്നുവെങ്കിലും 2010-11 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2015-16 വരെ തുടർന്നതിനാൽ ശമ്പളാനുകൂല്യത്തോടെ ടി സ്കൂളിൽ തന്നെ തുടരാൻ കഴിഞ്ഞു. ടിയാന് 6/3/1969 ലെ G.O.(MS)No. 104/69/Edn ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്യുന്ന സംരക്ഷണം അല്ല ലഭിച്ചിട്ടുള്ളത്. 2011-2015 കാലയളവിൽ തസ്തിക നിർണ്ണയം നടക്കാതിരിക്കുകയും, പിന്നീട്, 2015-16 വർഷത്തിൽ തസ്തിക പുനർനിർണ്ണയം ചെയ്തതിന്റെയും അടിസ്ഥാനത്തിൽ ടി കാലയളവിൽ ടിയാനെ ഉൾക്കൊള്ളാൻ ടി സ്കൂളിൽ പാർട്ട്ടൈം അറബിക് തസ്തിക ലഭ്യമല്ല എന്ന് വ്യക്തമായിട്ടുണ്ട്.

2012-13 മുതൽ 2015-16 വരെ ടി സ്കൂളിലെ I - IV വരെ ക്ലാസ്സുകളിലായി അറബിക് പഠിക്കുന്നതിനുള്ള ആകെയുള്ള കുട്ടികൾ ഇപ്രകാരമാണ്.

| **വർഷം** | **ക്ലാസ്സുകൾ** | | | | **ആകെ** |
|---|---|---|---|---|---|
| | I | II | III | IV | |
| 2012-13 | 5 | 2 | 2 | | 9 |
| 2013-14 | 1 | 5 | 2 | 2 | 10 |
| 2014-15 | 1 | 1 | 5 | 2 | 9 |
| 2015-16 | 2 | 1 | 1 | 5 | 9 |

എൽ.പി വിഭാഗത്തിൽ 1 മുതൽ 4 വരെ ഏതെങ്കിലും ഒരു ക്ലാസ്സിലെങ്കിലും 7 വിദ്യാർത്ഥി ഉണ്ടെങ്കിൽ മാത്രമേ പാർട്ട്ടൈം അറബിക് തസ്തിക അനുവദിക്കുവാൻ കഴിയൂ. 5 വർഷത്തെ തുടർച്ചയായ സർവ്വീസും ആഴ്ചയിൽ 8 പീരിയഡും ഉണ്ടെങ്കിലാണ് ഫുൾടൈം ആനുകൂല്യം അനുവദിക്കുന്നത്. G.O(P)29/2016 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തിയപ്പോൾ ടിയാനെ ഉൾക്കൊള്ളാൻ ടി സ്കൂളിൽ പാർട്ട്ടൈം അറബിക് തസ്തിക ലഭ്യമല്ല എന്ന് വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ ലഭ്യമല്ലാതിരുന്ന ഒരു തസ്തിക കണക്കിലെടുത്ത് ഫുൾടൈം ആനുകൂല്യം അനുവദിക്കണമെന്ന ഹർജിക്കാരൻറ്റെ ആവശ്യം പരിഗണനാർഹമല്ല.

9. Ext.P9 എന്നത് 7/1/1982 ലെ G.O(MS) 711/87/GEDN ഉത്തരവാണ്. ടി ഉത്തരവ് പ്രകാരം 14/12/1982 ലെ G.O.(MS)No. 189/82/GEDN ഉത്തരവിന് ഇപ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

"5 Years continuous service will be sufficient to give full time benefit as per the above GO".

Ext.P10 എന്നത് റിട്ട് ഹർജി നം 40280/2017 മേലുള്ള 14/12/2017 ലെ വിധിന്യായമാണ് 01/06/2009 ൽ സർവ്വീസിൽ പ്രവേശിച്ച പാർട്ട്ടൈം അറബിക് അധ്യാപികയ്ക്ക് 2013-14 ൽ തസ്തികയില്ലാത്തതിനാൽ ഫുൾടൈം ആനുകൂല്യം നിഷേധിച്ചതിനെതിരെയുള്ള കേസിലെ വിധിന്യായമാണിത്. ഹർജിക്കാരിയുടെ അപേക്ഷ നിരസിച്ചുകൊണ്ട് സർക്കാർ Article 166 പ്രകാരം ഉത്തരവ്വ പുറപ്പെടുവിക്കാതെ കത്ത് നൽകിയതിനാൽ ആയത് റദ്ദാക്കിക്കൊണ്ട് വിഷയം പുനഃപരിശോധിക്കാനാണ് കോടതി ടി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്.

10. Ext. P11 എന്നത് റിട്ട് ഹർജി നം 40280/2017 മേലുള്ള 14/12/17 ലെ വിധിന്യായം പാലിച്ച് പുറപ്പെടുവിച്ചിട്ടുള്ള 9/4/2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1390/2018/പൊ.വി.വ. ഉത്തരവാണ്. ടി ഉത്തരവ് പ്രകാരം , 01/06/2009 മുതൽ സർവ്വീസിൽ പ്രവേശിച്ച് 2013-14 അധ്യയന വർഷം തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപികയ്ക്ക് പാർട്ട്ടൈം അറബിക് തസ്തിക മേൽ വിധിന്യായത്തിലെ നിർദ്ദേശപ്രകാരവും 14/12/1982 ലെ 189/82/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 വർഷം സേവനം പൂർത്തിയായ 1/6/2014 പ്രാബല്യത്തിൽ സംരക്ഷിത അദ്ധ്യാപക സർവ്വീസ് ഉൾപ്പെടുത്തി ഫുൾടൈം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ടി അദ്ധ്യാപിക 2013-14 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ട് പ്രൊട്ടക്ഷൻ മൂലം തുടർന്നുവരികയായിരുന്നു എന്നാണ് ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. 06/03/1969 ലെ G.O.(MS)No. 104/69/Edn ഉത്തരവ് പ്രകാരം സംരക്ഷണം ലഭിച്ചിട്ടുള്ള പാർട്ട്ടൈം അദ്ധ്യാപകർക്ക് 8 പീരീയഡും 5 വർഷത്തെ തുർടച്ചയായ സേവനവും ഉണ്ടെങ്കിൽ ഫുൾടൈം ആനുകൂല്യം നൽകാവുന്നതാണ്. എന്നാൽ ഹർജിക്കാരന് സംരക്ഷണാനുകൂല്യം ലഭിച്ചിട്ടില്ലെന്നാണ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ അറിയിച്ചിട്ടുള്ളത്.

11. EXT. P13 എന്നത് WP(C) 31802/2018 മേലുള്ള 15/3/2021 ലെ വിധിന്യായമാണ്. ടി കേസിൽ ഹർജിക്കാർ 01/06/2009 മുതൽ പാർട്ട്ടൈം സംസ്കൃത അദ്ധ്യാപകരായി ജോലിയിൽ പ്രവേശിക്കുകയും 1/6/2011 മുതൽ ശമ്പള സ്കെയിലിൽ നിയമന അംഗീകാരം

ലഭിച്ചിട്ടുള്ളവരുമാണ്. കൂടാതെ 2013-14, 2014-15, 2015-16 വർഷങ്ങളിൽ തസ്തികയില്ലാതെ അതാത് സ്കൂളുകളിൽ തന്നെ തുടരുകയും ചെയ്തിരുന്നവരുമാണ്. പാർട്ട്ടൈം തസ്തികയിൽ 5 വർഷം തികയുന്ന 1/6/2016 മുതൽ ഹർജിക്കാർക്ക് പാർട്ട്ടൈം ആനുകൂല്യം നൽകാനാണ് കോടതി നിർദ്ദേശം. മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാർക്ക് 1/6/2016 മുതൽ ഫുൾടൈം ആനുകൂല്യം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് തലശ്ശേരി നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 04/10/2021 ലെ ഡി/1667/(ref)2021 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ 15/7/2016 മുതൽ 15/7/2021 വരെയുള്ള തുടർച്ചയായ സേവനം അടിസ്ഥാനപ്പെടുത്തി ടിയാന് ഫുൾടൈം ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇവിടെ ഹർജിക്കാരൻ 01/06/2010 മുതൽ നിയമനാംഗീകാരത്തോടെ പാർട്ട്ടൈം അറബിക് തസ്തികയിൽ ജോലിചെയ്തുവരവേ 2011-12 മുതൽ 2015-16 വരെ അധ്യയനവർഷം തസ്തിക നഷ്ടമായിട്ടുണ്ട്. എന്നാൽ മേൽ കാലയളവിൽ തസ്തിക നിർണ്ണയം നടക്കാനിരിക്കുകയും 2010-11 ലെ തസ്തിക നിർണ്ണയ ഉത്തരവ് തുടരുകയും ചെയ്തിരുന്നതിനാൽ ടി കാലയളവിൽ ഹർജിക്കാരൻ ശമ്പളാനുകൂല്യത്തോടെ തന്നെ ടി സ്കൂളിൽ തുടരുകയാണുണ്ടായത്. പിന്നീട് 29/01/2016 ലെ G.O.(P)No. 29/2016 പ്രകാരമാണ് മേൽ കാലയളവിലെ തസ്തിക പുനർനിർണ്ണയം ചെയ്തിട്ടുള്ളത്. മേൽ കാലയളവിൽ ശമ്പളാനുകൂല്യത്തോടെ ടി സ്കൂളിൽ നിലനിന്നിരുന്നതിനാൽ, മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകളുടേയും സമാന കേസുകളിലെ വിധിന്യായങ്ങളിലെ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ, തസ്തികയില്ലാതെ മാതൃസ്കൂളിൽ നിലനിന്നിരുന്ന കാലയളവ് സംരക്ഷിത കാലയളവായി കണക്കിലെടുത്ത് 5 വർഷം പൂർത്തിയാകുന്ന തീയതിയായ 1/6/2015 മുതൽ ഫുൾടൈം ആനുകൂല്യം അനുവദിക്കണമെന്ന ഹർജിക്കാരന്റെ അപേക്ഷ സർക്കാർ പരിശോധിച്ചു.

12. 01/06/2010 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.അജിലാൽ 2012-13 മുതൽ കുട്ടികളുടെ കുറവു മൂലം തസ്തിക നഷ്ടപ്പെട്ട് പുറത്തായി. എൽ.പി വിഭാഗത്തിൽ 1-4 വരെ ക്ലാസ്സുകളിൽ ഏതെങ്കിലും ഒരു ക്ലാസ്സിലെങ്കിലും 7 കുട്ടികൾ ഉണ്ടെങ്കിൽ മാത്രമേ പാർട്ട്ടൈം തസ്തിക അനുവദിക്കാൻ കഴിയൂ.

2015-16 വർഷത്തെ കുട്ടികൾ

| STD | 1 | 2 | 3 | 4 | |
|---|---|---|---|---|---|
| കുട്ടികൾ | 2 | 1 | 1 | 5 | Total- 9 |

പാർട്ട് ടൈം തസ്തിക അനുവദിക്കാൻ കഴിയുന്ന കുട്ടികൾ ഇല്ല. ആയതിനാൽ ആഴ്ചയിൽ 8 പീരീഡ് എന്ന മാനദണ്ഡം പരിഗണിക്കാൻ കഴിയില്ല. 2012-13 മുതൽ 2015-16 വരെ എൽ.ജി ഹിന്ദി തസ്തിക നിലവിലില്ലായിരുന്നുവെങ്കിലും, തത്സമയം നിലവിലിരുന്ന പ്രത്യേക സാഹചര്യങ്ങളിൽ ഉൾപ്പെട്ട് ഹർജിക്കാരനെ നിലനിർത്തി ശമ്പളാനുകൂല്യങ്ങൾ നൽകുകയാണുണ്ടായത്. തസ്തിക ഇല്ലാത്ത സാഹചര്യത്തിലപ്പോലും ഹർജിക്കാരന് ഇപ്രകാരം ശമ്പളാനുകൂല്യങ്ങൾ നൽകപ്പെട്ടിരിക്കെ, അതിൽ നിന്നും കൂടുതലായി മറ്റ് ആനുകൂല്യങ്ങൾ കൂടി വേണമെന്ന ആവശ്യം അനവസരത്തിലുള്ളതും അടിസ്ഥാനരഹിതവും പരിഗണനാർഹമല്ലാത്തതുമാണ്.

13. മേൽ സാഹചര്യത്തിൽ 01/06/2010 മുതൽ വിരമിക്കൽ ഒഴിവിൽ നിയമിതനായ തനിക്ക് തസ്തികയില്ലാതെ മാതൃസ്കൂളിൽ നിലനിന്നിരുന്ന കാലയളവ് സംരക്ഷിത കാലയളവായി കണക്കിലെടുത്ത് 5 വർഷം പൂർത്തിയാകുന്ന തീയതിയായ 1/6/2015 മുതൽ ഫുൾടൈം ആനുകൂല്യം അനുവദിക്കണമെന്ന ഹർജിക്കാരന്റെ റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

14. ഇപ്രകാരം റിട്ട് ഹർജി നം. 29115/2019 മേലുള്ള പരാമർശം 1 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ, തിരുവനന്തപുരം-695 101
വിദ്യാഭ്യാസ ഉപ ഡയറക്ടർ, തിരുവനന്തപുരം- 695 001.

ശ്രീ. അജിലാൽ.എസ്, അറബിക് ടീച്ചർ, ജെ.എം.എൽ.പി സ്കൂൾ, പരമേശ്വരം, മുണ്ടക്കൽ പി.ഒ, വെഞ്ഞാറമൂട്, തിരുവനന്തപുരം-695 607.

മാനേജർ/ ഹെഡ്മാസ്റ്റർ, ജെ.എം.എൽ.പി സ്കൂൾ, പരമേശ്വരം, മുണ്ടക്കൽ പി.ഒ, വെഞ്ഞാറമൂട്, തിരുവനന്തപുരം-695 607.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 23-06-2022 14:34:46

സെക്ഷൻ ഓഫീസർ